## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1965 12/02/2013 ൽ മറുപടിക്ക്

## ഹെഡ്ക്വാർട്ടേഴ്സ് നിയമനത്തിലെ സീനിയോറിറ്റി

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ മറ്റു ജില്ലകളിൽനിന്ന് തലസ്ഥാനത്ത് നിയമനം ലഭിക്കുകയും ജോലിയിൽ തുടരവെ സ്വന്തം ജില്ലയിൽ ഓഫീസുകൾ ഇല്ലാത്ത കാരണത്താൽ മറ്റു വകുപ്പുകളിലേയ്ക്ക് അന്തർ വകുപ്പ് മാറ്റം ലഭിക്കുമ്പോൾ ആദ്യ നിയമനം മുതലുള്ള സീനിയോറിറ്റി നൽകണമെന്ന നിർദ്ദേശം പി.എസ്.സി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; അതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) ഇപ്രകാരം ഒരു നിർദ്ദേശം സർക്കാർ പി.എസ്.സി-ക്ക് നൽകിയിട്ടില്ല. ബാധകമല്ല. |
| (ബി) ഇതുമായി ബന്ധപ്പെട്ട പൊതുഭരണ വകുപ്പിൽ ഉപദേശം സി3/7493/ 2012/പി& എ.ആർ.ഡി ഫയലിൽ എന്തെങ്കിലും തീരുമാനം ആയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ബി) ഉണ്ട്. ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ മറ്റു ജില്ലകളിൽനിന്ന് തലസ്ഥാനത്ത് നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിൽ തങ്ങളുടെ വകുപ്പിന്റെ ഓഫീസുകൾ ഇല്ലാത്ത കാരണത്താൽ മറ്റു വകുപ്പുകളിലേക്ക് അന്തർവകുപ്പ് മാറ്റത്തിന് അപേക്ഷിക്കാമെന്നും, എന്നാൽ ഇപ്രകാരം അന്തർ വകുപ്പ് മാറ്റം ലഭിക്കുമ്പോൾ അവരുടെ പൂർവ്വകാല സർവ്വീസിലെ സീനിയോറിറ്റി നഷ്ടപ്പെടുമെന്നുമുള്ള നിർദ്ദേശം ഉൾക്കൊള്ളുന്ന 6.2.2013-ലെ GO(P)05/2013/P&ARD നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

അനുബന്ധം ... ൽ ലഭ്യമാണ്

A. [signature]

സെക്ഷൻ ഓഫീസർ